നമ്പർ. ക്യു.ഇ1- 9690/2005

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്
സതേൺ സർക്കിൾ, കൊല്ലം
ഇമെയിൽ : ccf-sc.for @kerala.gov. in
southernccf@gmail.com
തീയതി; 25.01.2018

## നോട്ടീസ്

വിഷയം: ജീവനക്കാര്യം - കൊല്ലം സതേൺ സർക്കിളിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ 01.01.2007 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിയമാനുസൃതം സ്ഥാനക്കയറ്റം ലഭിക്കണമെന്നുള്ള അപേക്ഷകൾ - സംബന്ധിച്ച്

സൂചന: 1) ഈ ആഫീസിലെ 24.04.2012 ലെ ഇതേ നമ്പർ ഉത്തരവ്
2) ശ്രീ. ജി. ബാലചന്ദ്രൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ. പി. ആർ. ഗോപകുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ

...............

സൂചന (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ 324-ാം നമ്പർ സ്ഥാനക്കാരനും ഇപ്പോൾ തിരുവനന്തപുരം ഡിവിഷനിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. ജി. ബാലചന്ദ്രൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തന്റെ സീനിയോറിറ്റി പുനർ നിർണ്ണയിച്ച് അർഹമായ സ്ഥാനം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായിരുന്ന ടിയാൻ തസ്തികമാറ്റം വഴി നിയമിതനാവുകയും, റാന്നി വനം ഡിവിഷനിൽ 31.01.2002 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് പകരം പത്തനംതിട്ട ജില്ലയിൽ നിയമനത്തിനായി ടിയാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായിട്ടില്ല. മാതൃ ജില്ലയായ തിരുവനന്തപുരം ഡിവിഷനിലേക്ക് സ്ഥലം മാറ്റം ലഭിച്ച 09.11.2004 തീയതി പ്രാബല്യത്തിൽ ആണ് ടിയാന്റെ സീനിയോറിറ്റി നിർണ്ണയിച്ചിരിക്കുന്നത്. ഫോറസ്റ്റ് ഗാർഡായി സേവനത്തിൽ പ്രവേശിച്ച 31.01.2002 തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി നിർണ്ണയിക്കണമെന്നാണ് ടിയാൻ അപേക്ഷിച്ചിരിക്കുന്നത്. 02.12.1991 ലെ G.O.(P) 36/91/P&ARD നമ്പർ സർക്കാർ ഉത്തരവിലെ അന്തർ ജില്ലാ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ PSC നേരിട്ട് നിയമിക്കുന്നവർക്ക് മാത്രമാണ് ബാധകം എന്നും സ്വന്തം ജില്ലയിൽ ഒഴിവില്ലാത്തതിനാൽ തസ്തിക മാറ്റം വഴി മറ്റു ജില്ലയിൽ നിയമനം ലഭിക്കുന്നവർക്ക് മാതൃജില്ലയിലേക്ക് മാറ്റം ലഭിക്കുമ്പോൾ ടി ഉത്തരവിലെ മാനദണ്ഡങ്ങൾ ബാധകമല്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

APCCF (FMIS)

SFO website
Vinod. S
DCF (FMIS)

ടി സീനിയോറിറ്റി ലിസ്റ്റിലെ 342-ാം സ്ഥാനക്കാരനും, ഇപ്പോൾ തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. പി.ആർ..ഗോപകുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തന്റെ സീനിയോറിറ്റി പുനർ നിർണ്ണയിച്ച് അർഹമായ സ്ഥാനക്കയറ്റം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമിതനാവുകയും, 21.07.2001 ൽ റാന്നി ഡിവിഷനിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ടിയാൻ കൊല്ലം ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ടി കാലയളവിൽ കൊല്ലം ജില്ലയിൽ ഒഴിവില്ലാതിരുന്നതിനാലാണ് ടിയാനെ പത്തനംതിട്ട ജില്ലയിലെ റാന്നി ഡിവിഷനിൽ നിയമിച്ചിരുന്നതെന്ന് കാണുന്നു. തുടർന്ന് 19.10.2005 ൽ ടിയാൻ കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിലേക്ക് സ്ഥലം മാറ്റം ലഭിച്ച് വന്നിട്ടുള്ളതാണ്. ടി തീയതി കണക്കാക്കിയാണ് നിലവിൽ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം ക്രമീകരിച്ചിരിക്കുന്നത്. 24.05.1999 ലെ G.O.(P) 12/99/P&ARD നമ്പർ സർക്കാർ ഉത്തരവിലെ 28-ാം ഖണ്ഡിക പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമിതരാകുന്ന ജീവനക്കാർക്ക് അവരുടെ സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ ആവശ്യപ്പെടുന്ന ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ടിയാന്, സേവനത്തിൽ പ്രവേശിച്ച 21.07.2001 തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി പുനർ:നിർണ്ണയിക്കണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്.

മേൽ അപേക്ഷകളും, ടി ജീവനക്കാരുടെ സേവന വിവരങ്ങളും, സേവനപുസ്തകങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളും മറ്റും പരിശോധിച്ചതിൽ, ടി അപേക്ഷകരുടെ ആവശ്യം പരിഗണനാർഹമാണെന്ന് കാണുന്നു. സൂചന (1) ലെ സീനിയോറിറ്റി ലിസ്റ്റിലെ 300-ാം സ്ഥനക്കാരനായ ശ്രീ. കെ.സി. സിനുകുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് വരെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. അപേക്ഷകൾ പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനക്കയറ്റം നൽകുമ്പോൾ താഴെപ്പറയുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനം പിറകിലേക്ക് പോകുമെന്നതിനാൽ ടി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ അഭിപ്രായം തേടേണ്ടതായിട്ടുണ്ട്.

സർവ്വശ്രീ.;-

1) എൻ.ബിന്ദുരാജ് ( 255)

2) ഇ.എം. വിൽഫ്രഡ് ( 256)

3) എസ്. അനിൽ കുമാർ (257)

4) ടി.ആർ. അനിൽ കുമാർ ( 258)

5) ജി. പ്രശോഭനൻ ( 259)

6) പി.ഹരീന്ദ്രകുമാർ ( 260)

7) എ. ശ്രീകുമാർ ( 261)

8) ഇ.എസ്. സുരേഷ് ( 262)

9) ആർ. ഷൈജു ( 264)

10) എൻ.എസ്. വിനു (265)

11) വി.എൻ. തുളസീധരൻ നായർ (266)

12) ബി. വിനയൻ ( 269)

13) എം.രാജേഷ് ( 270)

14) വി. ബിന്ദു ( 271)

15) എസ്. അനിൽകുമാർ ( 272)

16) വി.എൻ. അനീഷ് ( 273)

17) എം. ഗംഗാധരൻ കാണി ( 274)

18) ആർ. അനിൽ കുമാർ ( 275

19) എ. മുരളി ( 276)

20) ഡി.എസ്. സുനിൽ ( 277)

21) എ. അരുൺ ( 278)

22) എസ്. ബിജു ( 279)

23) പി.കെ. രമേശ് ( 280)

24) എം.കെ. ബിന്ദു ( 281)

25) വി.ആർ.രതീഷ് ( 282)

26) ടി. ടി. ഡെയ്സി ( 283)

27) കെ.ആർ. സുരേഷ് കുമാർ ( 284)

28) വി.ജി. സജികുമാർ ( 285)

29) എസ്. സന്തോഷ്കുമാർ ( 286)

30) കെ.ജി. രാജേഷ് ( 287)

31) എസ്. രാജേന്ദ്രൻ ( 288)

32) ജോർജ്ജ് മാത്യു ( 289)

33) എ. മുഹമ്മദ് റാഫി ( 291)

34) എസ്. ജയകുമാർ ( 292)

35) ആർ. എൽ. ഗോപൻ ( 293)

36) ജി. ജിജിമോൻ ( 294)

37) ഇ. നാരായണൻ ( 295)

38) ബി. ബിജുകുമാർ ( 296)

39) എൽ. മനോഹരൻ പിള്ള ( 297)

40) എസ്. സഞ്ജയൻ ( 299)

41) കെ.സി.സിനുകുമാർ ( 300)

42) പി. മധു ( 301)

43) പി.ജി. ലാൽകുമാർ( 302)

44) ഷാജി വർഗ്ഗീസ് ( 303)

45) എസ്. സന്തോഷ് കുമാർ ( 304)

46) ജി.മനോജ് ( 305)

47) സി. പ്രസന്നകുമാർ ( 306)

48) ജെ.റെജി (307)

49) രാജു. ജെ. പ്രസാദ് (308)

50) ടി അനിൽകുമാർ ( 309)

51) വി.സജി ( 310)

52) ജി. ബിജു ( 311)

53) ആർ. സുകേശൻ ( 312)

54) ജെ. വി. ബിജു കുമാർ( 313)

55) എം.ആർ. സുരേഷ് (314)

56) സി. സുരേഷ് (315)

57) കെ.ജി. അഭിലാഷ് കുമാർ ( 316)

58) കെ. ബി. അശോക് കുമാർ ( 317)

59) ആർ. ജയകുമാരൻ നായർ ( 318)

60) ജി.ആർ. സതീഷ് കുമാർ ( 319)

61) എൻ.എസ്. സുരേഷ് കുമാർ ( 320)

62) വി. സുനിൽ ( 322)

63) ടി മോഹന കുമാർ (325)

64) ആർ. ബി. അരുൺ കുമാർ ( 326)

65) കെ.എസ്. വിനോദ് ( 328)

66) ആർ. രതീഷ് കുമാർ (330)

67) സി. അനിൽ കുമാർ (332)

68) എം.എസ്. വേണുഗോപാൽ ( 333)

69) കെ. ആർ. രമേഷ് ബാബു (334)

70) എസ്. സുകുമാരൻ ( 335)

71) മാത്യു ജോസഫ് (336)

72) ഇ. റോബി (337)

73) ജി. ജയകുമാർ (338)

74) എസ്,ഗിരീഷ് ( 339)

75) ആർ. സുനിൽകുമാർ (340)

76) ബി. ബിജുമോൻ (341)

ശ്രീ. ജി. ബാലചന്ദ്രൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ( സീനിയോറിറ്റി നമ്പർ 324), ശ്രീ.പി. ആർ. ഗോപകുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ( സീനിയോറിറ്റി നമ്പർ 342) എന്നിവർക്ക് സീനിയോറിറ്റി പുനർ നിർണ്ണയിച്ച്, സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനക്കയറ്റം നൽകുന്ന

തിന് താൽക്കാലികമായി തീരുമാനിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള ക്രമ നമ്പർ 1 മുതൽ 76 വരെയുള്ള ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എന്തെങ്കിലും അഭിപ്രായമോ, ആക്ഷേപമോ, പരാതിയോ ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട മേലധികാരി മുഖേന ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ യാതൊരു മറുപടിയും ലഭിക്കാത്ത പക്ഷം, സീനിയോറിറ്റി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും എന്ന് അറിയിക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

പകർപ്പ്: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം/ പുനലൂർ/ തെന്മല/
അച്ചൻകോവിൽ/ റാന്നി/ കോന്നി/ ഫ്ളയിംഗ് സ്ക്വാഡ്, തിരുവനന്തപുരം/
ഫ്ളയിംഗ് സ്ക്വാഡ്, പുനലൂർ/ ടിമ്പർ സെയിൽസ്, തിരുവനന്തപുരം/പുനലൂർ
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ( സോഷ്യൽ ഫോറസ്ട്രി), തിരുവനന്തപുരം/
കൊല്ലം/ ആലപ്പുഴ/ പത്തനംതിട്ട/ എക്സ്റ്റൻഷൻ, കൊല്ലം
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ( എസ്.ഐ.പി.) കൊല്ലം
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ആർ.എസ്) തിരുവനന്തപുരം
വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം/ശെന്തുരുണി
വർക്കിംഗ് പ്ലാൻ ഓഫീസർ, പുനലൂർ/ അച്ചൻകോവിൽ
ഡയറക്ടർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ എന്നിവർക്ക് നൽകുന്നു. നോട്ടീസ് താങ്കളുടെ അധികാരപരിധിയിലുള്ള, ബന്ധപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകി കൈപ്പറ്റ് ഈ ആഫീസിൽ ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.